**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5274** **02-11-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഓൺലൈൻ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വെഹിക്കിൾ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉപഭോക്താക്കൾ ഓൺലൈനായി അപേക്ഷയും ഫീസും നൽകിയ ശേഷം അപേക്ഷയിലെ പിശകുമൂലം ആയത് ക്യാൻസൽ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അപേക്ഷാഫീസ് തിരികെ നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള അപേക്ഷകളും ഫീസും നിലവിൽ പരിവാഹൻ (വാഹൻ-സാരഥി) എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേനയാണ് സമർപ്പിക്കുന്നത്. അപേക്ഷയിലെ പിശക് മൂലം അത് ക്യാൻസൽ ചെയ്യുവാനുള്ള സംവിധാനവും പ്രസ്തുത സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. എന്നാൽ ക്യാൻസൽ ചെയ്യപ്പെടുന്ന അപേക്ഷകളുടെ ഫീസ് റീഫണ്ടിനായുള്ള അപേക്ഷ സമർപ്പണം കേരള ഇ-ട്രഷറി സോഫ്റ്റ്‌വെയറിലെ റീഫണ്ട് മൊഡ്യൂൾ മുഖേനയാണ് ചെയ്യേണ്ടത്. റീഫണ്ടിനായി 27/07/2016 തീയതിയിലെ എം ഐ ടി-5/1881/ ടിസി /2014 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളിലെ നടപടിക്രമം പാലിച്ച് കാലതാമസമില്ലാതെ റീഫണ്ട് അനുവദിക്കുന്നുണ്ട്. |
| (ബി) | അപേക്ഷ ക്യാൻസൽ ചെയ്യാൻ ഓൺലൈനിലൂടെ അപേക്ഷിച്ചാൽ നിശ്ചിത സമയം കൊണ്ട് ക്യാൻസലേഷൻ അപ്രൂവ് ചെയ്ത് അപേക്ഷകന് പുതുതായി അപേക്ഷിക്കാനുള്ള അവസരമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | വാഹൻ സേവനങ്ങളിൽ തെറ്റായി അപേക്ഷകൾ സമർപ്പിച്ചാൽ ആയത് അപേക്ഷകർക്ക് തന്നെ പിൻ വലിക്കുന്നതിനുള്ള സംവിധാനവും അല്ലാത്തപക്ഷം ഓഫീസിൽ നിന്നും ഡിസ്പോസ് ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ഈ ഓപ്ഷനിലൂടെ അപേക്ഷ പിൻവലിക്കുകയോ, ഡിസ്പോസ് ചെയ്യുകയൊ ചെയ്താൽ വീണ്ടും പുതിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (സി) | 27-01-2021-ലെ 2020007392 നമ്പർ അപേക്ഷ പ്രോസസ്സ് ചെയ്ത് അപേക്ഷകന് ഇ-ട്രഷറി വഴി തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; | (സി) | ഇല്ല. ഇ-ട്രഷറി വഴി അപേക്ഷിച്ച സ്ലിപ്പും അനുബന്ധ രേഖകളും നാളിതുവരെ ഹാജരാക്കിയിട്ടില്ല. |
| (ഡി) | KL-01-P-8136 നമ്പർ ഇരുചക്രവാഹനത്തിന്റെ ഉടമയ്ക്ക് 2021 ജനുവരി മാസം നൽകാനുള്ള റീഫണ്ട് തുക നൽകാൻ സത്വരനടപടി സ്വീകരിക്കുമോ ? | (ഡി) | ഇ-ട്രഷറി സൈറ്റിൽ നൽകിയിട്ടുള്ള റീ-ഫണ്ട് അപേക്ഷയുടെ സ്ലിപ്പും അനുബന്ധ രേഖകളും ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് റീ-ഫണ്ട് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ